# കേരളപ്പിറവി ആഘോഷം

## റിപ്പോർട്ട്

## 2023

### ഗവൺമെന്റ് കോളേജ് ചിറ്റൂർ

### മലയാളവിഭാഗം, മലയാളഭാഷാസമിതി

കേരളപ്പിറവിആഘോഷവുമായി ബന്ധപ്പെട്ട് മലയാളവിഭാഗവും മലയാളഭാഷാസമിതിയും പി.ടി എയുടെ സഹകരണത്തോടെ നിരവധി പരിപാടികൾ ഈ വർഷം സംഘടിപ്പിച്ചു. വിദ്യാർത്ഥികൾക്കായി സാഹിത്യമത്സരങ്ങൾ നടത്തി. കവിതാവതരണമത്സരത്തിൽ രണ്ടാംവർഷ സംഗീതവിദ്യാർത്ഥി രാഹുൽ.എം ഒന്നാം സ്ഥാനവും മലയാളം ഒന്നാംവർഷബിരുദ വിദ്യാർത്ഥി വിദ്യ.വി രണ്ടാംസ്ഥാനവും നേടി. കഥാനിരൂപണമത്സരത്തിൽ മലയാളം മൂന്നാംവർഷ ബിരുദവിദ്യാർത്ഥി രാഹുൽ എസ്. ഒന്നാംസ്ഥാനം നേടി. മലയാളം മൂന്നാംവർഷ ബിരുദവിദ്യാർത്ഥി യായ ഹരിശ്രീരാം എച്ച്. രണ്ടാം സ്ഥാനവും നേടി.

നവംബർ മൂന്നിന് എം.ജി.ഹാളിൽവച്ച് കേരളപ്പിറവിയുമായി ബന്ധപ്പെട്ട് സംവാദവും ചർച്ചയും സംഘടിപ്പിച്ചു. പ്രസ്തുത പരിപാടിയിൽ കോളേജ് പ്രിൻസിപ്പാൾ ഡോ.റെജി ടി. അദ്ധ്യക്ഷത വഹിച്ചു. മലയാളവിഭാഗം മേധാവി ഡോ. അഞ്ജന വി. ആർ. സ്വാഗതം പറഞ്ഞു. കാലിക്കറ്റ്സർവകലാശാല മലയാള-കേരളപഠനവിഭാഗം അദ്ധ്യാപികയും നാടകപ്രവർത്തകയും ചലച്ചിത്രതാരവുമായ **ഡോ. പി.നിധിന്യ** പരിപാടി ഉദ്ഘാടനം ചെയ്തു. **കേരളത്തിലെപെണ്ണരങ്ങ് - ചരിത്രവും വർത്തമാനവും** എന്ന വിഷയത്തെ അടിസ്ഥാനമാക്കി നിധിന്യ കുട്ടികളുമായി സംവദിച്ചു. ഐ ക്യൂ എ സി കോഡിനേറ്റർ ശ്രീ. വിജയകൃഷ്ണൻ എം.വി.,മലയാളവിഭാഗംഅദ്ധ്യാപിക ഡോ.ശ്രീപ്രിയ കെ. എന്നിവരും സംസാരിച്ചു.ശ്രീ.നിധിന്യയുടെ നേതൃത്വത്തിൽ കുട്ടികൾക്കായി നാടകക്കളരിയും സംഘടിപ്പിച്ചു. തുടർന്ന് കേരളത്തിന്റെ സമകാലികപ്രശ്നങ്ങളെ മുൻനിർത്തി കുട്ടികളുടെ നാടകാവതരണവും ഉണ്ടായി.പ്രസ്തുതപരിപാടിയിൽവെച്ച് സാഹിത്യമത്സര വിജയികൾക്കുള്ള ക്യാഷ് അവാർഡുകൾ വിതരണം ചെയ്തു.